## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം. 180 — 26.02.2018 ൽ മറുപടിയ്ക്ക്

### പൂജപ്പുര സെൻട്രൽ ജയിലിലെ പ്രവർത്തനരഹിതമായ നിരീക്ഷണ ക്യാമറകൾ

| ചോദ്യം<br>ശ്രീ. പാറക്കൽ അബ്ദുല്ല | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | പൂജപ്പുര സെൻട്രൽ ജയിലിലെ ഒട്ടുമിക്ക നിരീക്ഷണ ക്യാമറകളും പ്രവർത്തന രഹിതമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | അതീവ സുരക്ഷ ഉറപ്പാക്കേണ്ട ഏഴ് പ്രധാന ബ്ലോക്കുകളിലെ തൊണ്ണൂറോളം ക്യാമറകളിൽ ഒന്നുപോലും പ്രവർത്തിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട് |
| (സി) | കഴിഞ്ഞ ഒരു വർഷത്തിനിടയ്ക്ക് കൃത്യമായ അറ്റകുറ്റപ്പണികൾ നടത്താത്തതാണ് നിരീക്ഷണ ക്യാമറകൾ പ്രവർത്തനരഹിതമാകാൻ കാരണമെന്ന റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ ; | (സി) | ഉണ്ട്. സിഡ്കോ എന്ന സ്ഥാപനവുമായി വാർഷിക പരിപാലന കരാർ ഉടമ്പടി ഉണ്ടായിരുന്നു. വാർഷിക പരിപാലന കരാർ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |
| (ഡി) | ഇതുവഴി സർക്കാരിനുണ്ടായ നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ; | (ഡി) | സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല. |
| (ഇ) | ഈ ക്യാമറകൾ എന്നത്തേയ്ക്ക് പ്രവർത്തന സജ്ജമാക്കാനാകും എന്ന് വ്യക്തമാക്കുമോ? | (ഇ) | വാർഷിക പരിപാലന കരാർ നൽകുന്നതിനായി സർക്കാർ അംഗീകൃത ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡർ (Total Solution Provider) മാരിൽ നിന്നും ഇ-ടെൻഡർ ക്ഷണിച്ചിരുന്നുവെങ്കിലും, ടെൻഡർ സമർപ്പിച്ച ആർക്കും TSP അംഗീകാരം ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ കാലതാമസം ഒഴിവാക്കുന്നതിനായി കെൽട്രോണിൽ നിന്നും പ്രൊപ്പോസൽ ലഭ്യമാക്കി കരാർ നൽകുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ